(ഡി) ഇല്ല.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) പഴയ ക്യാന്റീൻ നവീകരണ പ്രവർത്തനങ്ങളും, പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയത് പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗമാണ്. പ്രസ്തുത വിഭാഗത്തിന്റെ നിലവിലുള്ള എല്ലാ ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടന്നിരിക്കുന്നത്.

നേഴ്സിംഗ് വിദ്യാഭ്യാസരംഗത്തെ പരിഷ്കരണം

92 (2301) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നേഴ്സിംഗ് വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി ഡോ.ശ്രീനിവാസൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു ;

(ബി) അതിൽ ഏതെങ്കിലും വ്യവസായങ്ങൾ സർക്കാർ നിരാകരിക്കുകയുണ്ടായോ ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ;

(സി) സ്വാശ്രയ വിദ്യാഭ്യാസ നടത്തിപ്പുകാരുടെ താല്പര്യാർത്ഥം ആരോഗ്യ സർവ്വകലാശാല നിബന്ധനകളിൽ ഇളവ് നൽകിയിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നേഴ്സിംഗ് വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി ഡോ. ശ്രീനിവാസൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകളും നിർദ്ദേശങ്ങളും താഴെ പറയുന്നവയാണ് :

1. നേഴ്സിംഗ് കോളേജ് 500 കിടക്കകളും 75% കിടത്തി ചികിത്സയുമുള്ള ആശുപത്രിയോട് അഫിലിയേറ്റ് ചെയ്തിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

2. മെഡിക്കൽ കോളേജുമായി അഫിലിയേറ്റ് ചെയ്തിട്ടില്ലാത്ത നേഴ്സിംഗ് കോളേജ് 500 കിടക്കകളുള്ള ആശുപത്രിയോട് അഫിലിയേറ്റ് ചെയ്തിരിക്കണം.

3. ജനറൽ വാർഡ് അഫിലിയേറ്റ് ചെയ്ത നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ പോസ്റ്റിംഗ് ലഭ്യമാക്കണം.

4. മറ്റ് ആശുപത്രികളുള്ള അഫിലിയേഷൻ താഴെപറയുന്ന വിഷയങ്ങൾക്ക് മാത്രമായി നിജപ്പെടുത്തണം :-

സൈക്കാട്രി, കാർഡിയോളജി, കാർഡിയോ-തൊറാസിസ്, ന്യൂറോളജി, ന്യൂറോ സർജറി, നിയോ നാറ്റോളജി, ഓങ്കോളജി, നെഫ്രോളജി &ഗ്യാസ്ട്രോഎന്റോളജി.

5. ഒരു കോളേജിന് മൂന്ന് ആശുപത്രികളെയും ഒരു ആശുപത്രിക്ക് മൂന്ന് കോളേജിനെയും അഫിലിയേറ്റ് ചെയ്യാം.

6. സ്ഥാപനങ്ങളിൽ യോഗ്യതയുള്ള പരിചയസമ്പന്നരായ അദ്ധ്യാപകർ ബേസിക് സയൻസും സ്പെഷ്യാലിറ്റി കോഴ്സും പഠിപ്പിക്കുവാൻ അനിവാര്യമാണ്.

7. സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന ബേസിക് സെപെഷ്യാലിറ്റിയോട് കൂടിയ ആശുപത്രികൾ വേണം :-

മെഡിസിൻ, സർജറി, ഗൈനോക്കോളജി & പീഡിയാട്രിക്സ്

8. സ്ഥാപനങ്ങൾ വേറെ നേഴ്സിംഗ് കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കാൻ പാടില്ല.

9. ഐ.എൻ.സി. & കെ.യു.എച്ച്.എസ്. നിർദ്ദേശിക്കുന്ന സിലബസിന് അനുസരിച്ചുള്ള ക്ലിനിക്കൽ സൗകര്യം വേണം.

10. അടിസ്ഥാനപരവും ആധുനികവുമായ കഴിവുകളെ പരിശീലിപ്പിക്കാൻ വേണ്ട ക്ലിനിക്കൽ സൗകര്യവും ഒരു യൂണിവേഴ്സിറ്റി ഡിഗ്രി കൊടുക്കുന്നതിനുമുള്ള അക്കാദമിക് നിലവാരവും വേണം.

(ബി) വ്യവസ്ഥകൾ നിരാകരിക്കുന്നതുസംബന്ധിച്ച് ഉത്തരവുകൾ ഒന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. ഐ.എൻ.സി. തീരുമാന പ്രകാരം ഒരു നഴ്സിംഗ് കോളേജിന് 100 കിടക്കകളുള്ള ആശുപത്രി മതി. എം.സി.ഐ. തീരുമാനപ്രകാരം ഒരു മെഡിക്കൽ കോളേജിന് 300 കിടക്കകളുള്ള ആശുപത്രി മതി. ഇതെല്ലാം കണക്കിലെടുത്ത് അക്കാദമിക് കൗൺസിലും ഗവേണിംഗ് കൗൺസിലും തീരുമാനിച്ചതനുസരിച്ച് നഴ്സിംഗ് കോളേജിന് കിടക്കകളുടെ എണ്ണം 300 ആക്കി കുറച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല

കോഴിക്കോട് മെഡിക്കൽ കോളേജ് അസ്ഥിരോഗ ഒ.പി.

93 (2302) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ അസ്ഥിരോഗ വിഭാഗം ഒ.പി.യിൽ ദിവസേന എത്ര രോഗികൾ ചികിത്സയ്ക്ക് എത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗം ഒ.പി.യിൽ ആവശ്യത്തിന് ട്രോളിയും വീൽചെയറും ഇല്ലാത്തത് കാരണം രോഗികൾ വലിയ പ്രയാസം അനുഭവിക്കുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അസ്ഥിരോഗവിഭാഗം ഒ.പി.യിൽവരുന്ന രോഗികൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ആവശ്യത്തിന് ട്രോളിയും വീൽചെയറും ഉടനടി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ദിവസേന ശരാശരി ഇരുന്നൂറ്റി അമ്പതോളം പേർ ചികിത്സയ്ക്കായി വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) അസ്ഥിരോഗ ഒ.പി.യിൽവരുന്ന രോഗികൾക്ക് താഴെപറയുന്ന സൗകര്യങ്ങളുണ്ട് :

1. പരിശോധനാ മുറികൾ - 4 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly